**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2111** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആത്മഹത്യ സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം പരവൂർ കോടതിയിലെ അസി.പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന എസ് .അനീഷ്യയുടെ ആത്മഹത്യ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പരവൂർ P.S ക്രൈം നം. 119/2024 U/s 174 CrPC പ്രകാരമുള്ള കേസ് 13.03.2024 തീയതി മുതൽ ക്രൈംബ്രാഞ്ചിൽ ക്രൈം നം.86/CB/TVM/2024 പ്രകാരം റീ രജിസ്റ്റർ ചെയ്ത്, CrPC Sec 174 ഭേദഗതി ചെയ്ത് 306 & 34 IPC പ്രകാരമുള്ള വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസന്വേഷണം നടത്തിവരുന്നു. |
| (ബി) | അനീഷ്യയുടെ 19 പേജുള്ളതും നിലവിൽ ക്രൈം ബ്രാഞ്ചിന്റെ കസ്റ്റഡിയിൽ ഉള്ളതുമായ ആത്മഹത്യാ കുറിപ്പിൽ കുറ്റാരോപിതരായി പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേസ് എടുത്തിട്ടുണ്ട് |
| (സി) | ക്രൈം ബ്രാഞ്ചിന് നിയമോപദേശം നൽകുന്നതിന് പ്രോസിക്യൂഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമാക്കാമോ; | (സി) | ക്രൈം ബ്രാഞ്ചിന് നിയമോപദേശം നൽകുന്നതിന് പ്രോസിക്യൂഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ആരെയും പ്രത്യേകം ചുമതലപ്പെടുത്തിയില്ല. ക്രൈം ബ്രാഞ്ചിന് ആവശ്യമായ ലീഗൽ അഡ്വൈസർ തസ്തിക നിലവിലുണ്ട് |
| (ഡി) | പ്രസ്തുത കേസിലെ കുറ്റാരോപിതനായ അസി.പബ്ലിക് പ്രോസിക്യൂട്ടറുടെ വീട്ടിൽ കോടതി ഉത്തരവുമായി ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥർ സെർച്ചിന് എത്തിയപ്പോൾ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ഇടപെട്ട് സെർച്ച് ഒഴിവാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പരാതിയിൽ പറയുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ